"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജനക്ഷേമ പ്രഖ്യാപനങ്ങളിലെ തീരുമാനങ്ങൾ വീഴ്ചയില്ലാതെയും കൃത്യമായും നടപ്പിലാക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സെക്രട്ടറിതല സമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.375/2026/GAD    തീയതി,തിരുവനന്തപുരം, 26-01-2026

---

**ഉത്തരവ്**

29.10.2025 ലെ മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബഹു.മുഖ്യമന്ത്രി നടത്തിയ ജനക്ഷേമ പ്രഖ്യാപനങ്ങളിലെ തീരുമാനങ്ങൾ വീഴ്ചയില്ലാതെയും കൃത്യമായും നടപ്പിലാക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ചുവടെപ്പറയും പ്രകാരം ഒരു സെക്രട്ടറിതല സമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

| | | |
|---|---|---|
| 1 | ചീഫ് സെക്രട്ടറി | ചെയർമാൻ |
| 2 | ബന്ധപ്പെട്ട വിഷയം കൈകാര്യം ചെയ്യുന്ന വകുപ്പ് സെക്രട്ടറി | കൺവീനർ |
| 3 | ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | മെമ്പർ |
| 4 | കൂടാതെ മറ്റേതെങ്കിലും വകുപ്പുമായി ബന്ധപ്പെട്ട് വരുന്നതോ, കൂടിയാലോചന ആവശ്യമായി വരുന്നതാണെങ്കിൽ പ്രസ്തുത വകുപ്പിന്റെ സെക്രട്ടറി | മെമ്പർ |

2. പ്രസ്തുത കമ്മിറ്റി ഓരോ ആഴ്ചയും യോഗം ചേരേണ്ടതും കാര്യങ്ങൾ വിലയിരുത്തേണ്ടതും ആവശ്യമായ ഇടപെടൽ നടത്തേണ്ടതുമാണ്. പ്രസ്തുത യോഗം സംഘടിപ്പിക്കേണ്ട ചുമതല ബന്ധപ്പെട്ട വിഷയം കൈകാര്യം ചെയ്യുന്ന വകുപ്പ് സെക്രട്ടറിയ്ക്കായിരിയ്ക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ എ ജയതിലക് ഐ എ എസ്
ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി,സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ,(ആഡിറ്റ്) ), കേരള, തിരുവനന്തപുരം
സെക്രട്ടേറിയറ്റിലെ നിയമം ധനകാര്യ ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും
പൊതുഭരണ(എസ്.സി)വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sabu T K
Date: 27-01-2026 10:28:39
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും
ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫീസർക്ക്